**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 282** **04-10-2021 - ൽ മറുപടിയ്ക്ക്**

**പുതിയ റേഷൻകടകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ റേഷൻകടകൾക്ക് അനുവാദം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | ഒരു റേഷൻ കട. ഇടുക്കി ജില്ല, ദേവികുളം താലൂക്കിൽ ദേവികുളം ഗ്രാമപഞ്ചായത്തിൽ 16-ാം വാർഡ് കുറ്റിയാർവാലി എന്ന പ്രദേശത്ത് അനുവദിക്കുകയുണ്ടായി. |
| (ബി) | ഗുരുവായൂർ നിയോജകമണ്ഡലത്തിൽ എത്ര പുതിയ റേഷൻകടകൾക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട് എന്നും ആയതിൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ; | (ബി) | ഗുരുവായൂർ നിയോജകമണ്ഡലത്തിൽ മാട്ടുമ്മൽ, പുന്ന എന്ന പ്രദേശങ്ങളിൽ രണ്ട് പുതിയ റേഷൻകടകൾ അനുവദിക്കുന്നതിനുള്ള ശുപാർശകൾ ജില്ലാ സപ്ലൈ ഓഫീസർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ശുപാർശകൾ അംഗീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | റേഷൻകടയിലൂടെയുള്ള ഭക്ഷ്യവിതരണം മോണിറ്റർ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | റേഷൻ കടകൾ ഉൾപ്പടെയുള്ള പൊതുവിതരണ സമ്പ്രദായം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി, ഗ്രാമസഭ നാമനിർദ്ദേശം ചെയ്യുന്ന തദ്ദേശസ്വയം ഭരണ സ്ഥാപന പ്രതിനിധികളടങ്ങുന്ന റേഷൻ കടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ